ശ്രീ. കെ. പി. പ്രഭാകരൻ: ഇവിടെ എസ്. എ. ടി. ആശുപത്രിയിൽ അവിടെനിന്നുള്ള സാമ്പിളുകളുടെ ടെസ്റ്റിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ വിദഗ്ധ പരിശോധന നടത്തിയിട്ടുള്ളതിന്റെ റിസൽട്ടാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എം.വി. രാഘവൻ: മെഡിക്കൽകോളേജുകളിൽ ഈ പരിശോധന നടക്കുന്നു. അതുകൊണ്ട് വളരെയേറെ അപകടങ്ങളുണ്ടാകുന്നുമുണ്ട്. ഈയിടെ കോഴിക്കോട് മെഡിക്കൽകോളേജിൽനിന്നും ഒരാളെ ക്യാൻസർ ഇല്ലെന്നു പറഞ്ഞുവിടുകയും കുറച്ചുദിവസങ്ങൾ കഴിഞ്ഞ് അയാൾ ക്യാൻസർ പിടിച്ചുമരിക്കുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ ഇല്ലാത്ത രോഗികളെ ക്യാൻസർ ഉണ്ടെന്നുപറഞ്ഞു കൊല്ലിക്കുന്ന ഒരു സ്ഥിതിയുമുണ്ട്. അതുകൊണ്ട് ഈ പരിശോധന ശരിയായി നടത്താനുള്ള വല്ല ഏർപ്പാടുമുണ്ടോ ?

ശ്രീ. കെ. പി. പ്രഭാകരൻ: കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒരു പ്രത്യേക സ്ഥിതിയെ സംബന്ധിച്ച് ചോദിച്ചാൽ ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ക്യാൻസർ മാത്രമല്ല പല രോഗങ്ങളും ഡയഗ്നോസ് ചെയ്യുന്നതിന് പിശകുണ്ടാകാറുണ്ട്.

കപ്പ ഉൽപ്പാദനം

*800 [869] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആവശ്യം കഴിച്ചുള്ള കപ്പ പുറമേയ്ക്ക് കയറ്റി അയക്കുവാൻ എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടോ;

(ബി) സംസ്ഥാനത്ത് സ്റ്റാർച്ച് ഫാക്ടറികൾ തുടങ്ങുവാൻ ഗവൺമെന്റിന്റെ സഹായം ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) സംസ്ഥാന ഗവൺമെന്റ് ഏർപ്പാടുകൾ ഒന്നും ചെയ്തിട്ടില്ല. സംസ്ഥാനത്തിനു പുറത്ത് കപ്പ കൊണ്ടുപോകുന്നതിന് ഗവൺമെന്റ് യാതൊരു തടസ്സവും ചെയ്യുന്നില്ല.

(ബി) കൃഷിവകുപ്പിന്റെ സഹായം ആരും ആവശ്യപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സംസ്ഥാനത്തിലെ ഏറ്റവും വലിയ ഭക്ഷ്യവിളയാണ് കപ്പ. 17 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിക്കുമ്പോൾ 45 ലക്ഷം ടൺ കപ്പ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേഷ്യക്ഷാമം ഉണ്ടാകുമ്പോൾ അതിനു പരിഹാരം കാണുന്നതു കപ്പകൊണ്ടാണ്. ഈ കപ്പക്കൃഷി പ്രോൽസാഹിപ്പിക്കുവാൻ ഒരു സ്റ്റാർച്ച് ഫാക്ടറി സ്ഥാപിക്കുവാൻവേണ്ടി അപേക്ഷകളയച്ചിരുന്നു. പല സ്റ്റാർച്ചു ഫാക്ടറികളും സ്ഥാപിക്കുവാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: ഇപ്പോഴത്തെ സംസ്ഥാനത്ത് 38 സ്റ്റാർച്ച് ഫാക്ടറികളുണ്ട്. 7 സേമിയാ ഫാക്ടറികളും ഉണ്ട്. കൂടാതെ മാറു സാധനങ്ങളുണ്ടാക്കുന്ന 35 ഫാക്ടറികളുമുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പുറത്തേയ്ക്കു കപ്പ കയറ്റി അയയ്ക്കുന്നതിന് ഇന്ന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ന് കപ്പയ്ക്ക് ഈടാക്കുന്ന സർച്ചാർജ്ജ് ഒഴിവാക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഗവൺമെന്റുടമയിൽത്തന്നെ സ്റ്റാർച്ച് ഫാക്ടറികളും കൂടുതൽ സ്ഥാപിക്കണമെന്ന എല്ലാ ജില്ലയിൽ നിന്നുമുള്ള ആവശ്യം ഗവൺമെന്റിന്റെ മുമ്പാകെ വന്നിട്ടുണ്ടോ; അതു സംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തന്നെ ഒരു യൂണിറ്റു തുടങ്ങണമോ അതോ ചെറുകിട യൂണിറ്റുകൾക്ക് സഹായം നൽകിയാൽ മതിയോ എന്ന കാര്യങ്ങളെക്കുറിച്ച് പരിഗണിക്കാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: മലപ്പുറം കേന്ദ്രമാക്കിക്കൊണ്ട് ഒരു കപ്പ കോംപ്ലക്സ് ആരംഭിക്കുന്നതാണെന്ന് മുമ്പത്തെ കൃഷി മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ? ഇല്ലെങ്കിൽ എപ്പോൾ നടക്കും ?

ശ്രീ. എ. എൽ. ജേക്കബ്: നോട്ടീസ് വേണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നേരിട്ട് വൻതോതിൽ ഒരു ഫാക്ടറി തുടങ്ങണമെന്നാണല്ലോ തീരുമാനിച്ചിട്ടുള്ളത്. ആ തീരുമാനത്തിൽനിന്നു മാറി—ആ തീരുമാനം നടപ്പാക്കണമോ, മറ്റാരെങ്കിലും നടത്തിയാൽ മതിയോ എന്ന രീതിയിലാണോ ഇപ്പോൾ ഗവൺമെന്റിന്റെ മറുപടി?

ശ്രീ. എ. എൽ. ജേക്കബ്: ചെറുകിട വ്യവസായങ്ങളും ഇതു കൈകാര്യം ചെയ്യണമെന്നാണ് ആഗ്രഹം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സഹകാരിമേഖലയിൽ പത്തുനൂറു പേരുകൂടി രണ്ടു മൂന്നു ഫാക്ടറികളും ഇന്ന് നടത്തുന്നുണ്ട്. ഈ ആളുകളും എല്ലാംകൂടി ഒരുമിച്ചുചേർന്ന് കപ്പയുടെ വില കുറയ്ക്കുന്നതിനുവേണ്ടി ഒരു ലോബിതന്നെ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ന്യായമായ വില കൃഷിക്കാർക്കു കിട്ടത്തക്ക വിധത്തിൽ ഗവൺമെന്റുടമയിൽത്തന്നെ ഒരു സ്ഥാപനം ആരംഭിക്കുകയും ന്യായമായ വില നൽകുകയും ചെയ്യാൻ ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ലോബി ഉണ്ടാക്കിയിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ: പച്ചക്കപ്പയുടെ വില കൂടുതലും സ്റ്റാർച്ചിന്റെ വില കുറവും ആയതുകൊണ്ട് ഇന്ന് ഈ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന ആളുകൾതന്നെ കഷ്ടത്തിലാണെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് ഈ നഷ്ടവ്യവസായം നടത്തുന്നതിനുള്ള നിർബന്ധം ഒഴിവാക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: നഷ്ട വ്യവസായം നടത്തുന്നതിന് ഇപ്പോൾ ആരെയും നിർബന്ധിക്കുന്നില്ല.

ശ്രീ. സിറിയക് ജോൺ: കൃഷിക്കാരെ സഹായിക്കുകയെന്ന ഉദ്ദേശം വച്ചുകൊണ്ട് കപ്പ കയറ്റുമതി ചെയ്യാൻ പ്രോൽസാഹിപ്പിക്കുന്നതാണെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ കപ്പയ്ക്ക് താങ്ങുവിലയേക്കാൾ കൂടുതൽ വില ഉണ്ടെന്നുള്ളതു പരിഗണിച്ച് കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് താങ്ങുവിലയേക്കാൾ അധികരിച്ച വിലയുള്ളത് സബ്സിഡിയായി കൊടുക്കാൻ തയ്യാറാകുമോ?

കേഷ്യ വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ): അങ്ങനെ പ്രോൽസാഹിപ്പിക്കാനുള്ള നടപടിയൊന്നും ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. ടി. കുമാരൻ: മഗ്നീഷ്യം എന്നു പറയുന്ന സാധനം ഇപ്പോൾ എവിടെയെങ്കിലും ഏതെങ്കിലും ഫാക്ടറിയിൽ ഉൽപാദിപ്പിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇപ്പോൾ മഗ്നീഷ്യത്തിന്റെ ആവശ്യമില്ല. ധാരാളം നെല്ലും അരിയും കിട്ടുന്നുണ്ട്.

ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതി

*801 [870] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

എസ്റ്റിമേറ് തുക എത്രവരെയുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമുകളാണ് സെൻട്രൽ ഗവൺമെൻറ് ത്വരിത ഗ്രാമീണ ജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സാധാരണയായി 10 ലക്ഷം രൂപയിൽ കുറവു ചെലവു വരുന്ന പദ്ധതിയാണ്. എന്നാൽ അതിൽ കൂടുതൽ ചെലവു വരുന്ന പദ്ധതികൾക്കും ചിലപ്പോൾ കേന്ദ്രം അനുമതി നൽകാറുണ്ട്.

ശ്രീ. കല്ലട നാരായണൻ: കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രഗവൺമെൻറ് ഈ ആവശ്യത്തിന് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, അതിൽ എത്ര ചെലവഴിച്ചു എന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 1977-78-ൽ ഇൻഡ്യാ ഗവൺമെൻറ് 100 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. 1978–79-ൽ അത് 275 ലക്ഷം രൂപയാണ്.

ശ്രീ. കല്ലട നാരായണൻ: ഈ സ്കീം അനുസരിച്ച് തുടങ്ങിയിട്ടുള്ള പദ്ധതികളുടെ പണി വളരെ താമസിച്ചാണ് നടക്കുന്നത് എന്നുള്ളതുകൊണ്ട് എത്രയും വേഗം ഇതു പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly